ഉത്തരം

(എ) 4136 റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ട്.

(ബി)&(സി) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ഡി) തീരെ ലാഭകരമല്ലാത്ത റൂട്ടുകളിലുള്ള ഷെഡ്യൂളുകളിൽ ആവശ്യമായ മാറ്റം വരുത്തി വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്.

88 (1537) കെ.എസ്.ആർ.ടി.സി. യിൽ സാങ്കേതിക യോഗ്യതയുള്ളവരെ നിയമിക്കാൻ നടപടി

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകളിൽ സാങ്കേതിക യോഗ്യതയുള്ളവരാണ് ഡിപ്പോ ലെവൽ മാനേജ്മെന്റ് കൈകാര്യം ചെയ്യുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1994-95 കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി. യിലും സാങ്കേതിക യോഗ്യതയുള്ളവരെ ഡിപ്പോകളുടെ ചാർജ് താല്ക്കാലികമായി ഏല്പിച്ചപ്പോൾ കോർപ്പറേഷൻ ലാഭത്തിൽ പ്രവർത്തിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മറ്റ് സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകളിലെപ്പോലെ കെ.എസ്.ആർ.ടി.സി. യിലും ഡിപ്പോ ലെവൽ ചാർജ് ടെക്നിക്കൽ യോഗ്യതയുള്ളവർക്ക് നൽകി ട്രാൻസ്പോർട്ട് കോർപ്പറേഷൻ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) വിശദമായി പരിശോധിച്ച് മറുപടി സമർപ്പിക്കുന്നതാണ്.

89 (1538) ശമ്പള പരിഷ്കരണ കരാർ

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ 1990-ൽ നടപ്പാക്കിയ ശമ്പള പരിഷ്കരണ കരാറിൽ അസി. ഡിപ്പോ എൻജിനീയർ (അന്നത്തെ ചാർജ്മാൻ) തസ്തികയിൽ നേരിട്ട് നിയമനം ലഭിച്ചവർക്ക് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ ഇതര ജീവനക്കാർക്ക് നൽകിയതുപോലെ ഗ്രേഡ് പ്രൊമോഷൻ നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) സമയബന്ധിത ഗ്രേഡ് പ്രൊമോഷൻ ഇവർക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സമാനജീവനക്കാരെ അപേക്ഷിച്ച് എ.ഡി.ഇ. മാർക്ക് കുറഞ്ഞ ശമ്പളമേ ലഭിക്കുന്നുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഫസ്റ്റ് ഗ്രേഡ് ഇൻസ്പെക്ടറേക്കാൾ കുറഞ്ഞ ശമ്പളം മാത്രമേ ഇവർക്ക് ലഭിക്കുന്നുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly